**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് – പഞ്ചായത്ത് ജീവനക്കാര്യം - ആലപ്പുഴ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽനിന്നും സീനിയർ സൂപ്രണ്ടായി വിരമിച്ച പരേതനായ ടി. കൃഷ്ണൻകുട്ടിയുടെ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ച് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം:601/17/തസ്വഭവ തീയതി, തിരുവനന്തപുരം, 03.03.2017

പരാമർശം : 1. 20/09/2016-ലെ സ.ഉ. (സാധാ) നം. 2706/16/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്

2. 20/12/2016-ലെ 549/ഇപിബി2/2015/തസ്വഭവ നമ്പർ കത്ത്

3. അഡ്വക്കേറ്റ് ജനറലിന്റെ 4/1/2017-ലെ എസ്.എസ്.-1/2017/എജി നമ്പർ കത്ത്

**ഉത്തരവ്**

ആലപ്പുഴ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽനിന്നും സീനിയർ സൂപ്രണ്ടായി വിരമിച്ച പരേതനായ ടി. കൃഷ്ണൻ കുട്ടിയുടെ കുടുംബത്തിന്റെ ദയനീയാവസ്ഥ പരിഗണിച്ച് മാനുഷിക പരിഗണന നൽകി അവർക്ക് അർഹതപ്പെട്ട ഫാമിലി പെൻഷൻ അനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ടിയാനെതിരെ നിജപ്പെടുത്തിയ ബാധ്യതകൾ കുറച്ച് ശേഷിക്കുന്ന തുക ടിയാന്റെ അന്ത്യോപദാനമായി നല്കാനാവുമോ എന്നതിൽ പരാമർശം (2) പ്രകാരം അഡ്വക്കേറ്റ് ജനറലിന്റെ ഉപദേശം തേടിയിരുന്നു. പരാമർശം (3) പ്രകാരം അഡ്വക്കേറ്റ് ജനറൽ നൽകിയ മറുപടിയിൽ പരേതനായ കൃഷ്ണൻകുട്ടി ജീവിച്ചിരുന്ന സമയത്ത് ടിയാനെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ ആരംഭിക്കാതിരുന്നതിനാലും ടിയാന്റെ ബാധ്യത നിജപ്പെടുത്തി ടിയാനെ അറിയിക്കാതിരുന്നതിനാലും കെ.എസ്.ആർ. പ്രകാരം നടപടികൾ സാധ്യമല്ലെന്നും ടിയാൻ ജീവിച്ചിരുന്ന സമയത്ത് ടിയാന്റെ ബാധ്യത നിജപ്പെടുത്തുകയോ ടിയാനിൽനിന്ന് ബാധ്യത ഈടാക്കാനുള്ള നടപടികൾ ആരംഭിക്കുകയോ ചെയ്യാതിരുന്നതിനാൽ ടിയാന്റെ/അനന്തരാവകാശികളുടെ ആസ്തികളിൽനിന്ന് കേരള പബ്ലിക് അക്കൗണ്ട്സ് ആക്ട് പ്രകാരം നടപടികൾ സ്വീകരിക്കാനാവില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരേതനായ കൃഷ്ണൻ കുട്ടിക്കെതിരെ ടിയാൻ ജീവിച്ചിരുന്ന സമയത്ത് വിജിലൻസ് കേസ് ഉണ്ടായിരുന്നെങ്കിലും ടിയാനെതിരെ വകുപ്പുതല നടപടികളൊന്നും ആരംഭിക്കാതിരുന്നതിനാലും ടിയാൻ ജീവിച്ചിരുന്ന സമയത്ത് ടിയാന്റെ ബാധ്യത തിട്ടപ്പെടുത്തി ടിയാനെ അറിയിക്കുകയോ അത് തിരികെ ഈടാക്കാനുള്ള നടപടികൾ ആരംഭിക്കുകയോ ചെയ്യാതിരുന്നതിനാലും ടിയാനെതിരെ കെ.എസ്.ആർ., കേരള പബ്ലിക് അക്കൗണ്ട്സ് ആക്ട് എന്നിവ പ്രകാരമുള്ള നടപടികൾ സാധ്യമല്ലാത്ത സാഹചര്യത്തിൽ പരേതനായ കൃഷ്ണൻകുട്ടിക്ക് ലഭിക്കാനുണ്ടായിരുന്ന അന്ത്യോപദാനം ഉൾപ്പെടെയുള്ള മുഴുവൻ പെൻഷൻ ആനുകൂല്യങ്ങളും അനുവദിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇക്കാര്യത്തിൽ പഞ്ചായത്ത് ഡയറക്ടർ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എസ്. മോഹൻദാസ്**

ജോയിന്റ് സെക്രട്ടറി

1. ശ്രീമതി. പൊന്നമ്മ, കൊട്ടാരത്തിൽ സിമി ഭവനം, ചുനക്കര നടുവേലി മുറിയിൽ, ചുനക്കര പി.ഒ. മാവേലിക്കര, ആലപ്പുഴ-690534
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

**(മറുപുറം.....)**